## പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2024 ഒക്ടോബർ 07, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

(പ്രതിപക്ഷാംഗങ്ങൾ നൽകിയ നക്ഷത്രചിഹ്നമിട്ട 49 ചോദ്യങ്ങൾ നക്ഷത്രചിഹ്നമിടാത്തവയാക്കിമാറ്റിയതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ (*1)-ാം നമ്പർ ചോദ്യം ഉന്നയിക്കാതെ ബഹു. സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ അടുത്ത ചോദ്യത്തിലേയ്ക്ക് കടന്നു.)

1 (*2) <u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, ലോകമെമ്പാടുമുള്ളവർ നൽകുന്ന സംഭാവനയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ പ്രധാന സ്രോതസ്സെന്നും സംസ്ഥാന ബജറ്റിൽ ഇതിലേയ്ക്കായി നിശ്ചിത വിഹിതം വകയിരുത്തുന്നുണ്ടെന്നും 2016-17 മുതൽ 2024-25 വരെ 1950 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഇനങ്ങളിലായി 2135.5 കോടി രൂപ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായത്തിന് പോർട്ടൽവഴിയും അക്ഷയ സെന്ററുകൾവഴിയും അപേക്ഷ നൽകാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്നതുമുതലുള്ള വിവിധഘട്ടങ്ങൾ ഓൺലൈൻ മുഖാന്തരമാക്കിയതുമൂലം ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. അപേക്ഷ രജിസ്റ്റർ ചെയ്യപ്പെടുന്നതുമുതൽ തുക അനുവദിക്കുന്നതുവരെയുള്ള വിവരങ്ങൾ എസ്.എം.എസ്. ആയി ഗുണഭോക്താവിന് ലഭ്യമാക്കുകയും അപേക്ഷയുടെ തൽസ്ഥിതി അറിയുന്നതിനായി ടോൾഫ്രീ നമ്പർ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

അപേക്ഷകരുടെ അർഹതയുടെ അടിസ്ഥാനത്തിൽ 10,000 രൂപ വരെ ജില്ലാകളക്ടർമാരും 15,000/- രൂപവരെ റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും 25,000/- രൂപ വരെ റവന്യൂ വകുപ്പുമന്ത്രിയും 3 ലക്ഷം രൂപ വരെ മുഖ്യമന്ത്രിയും അനുവദിക്കുന്നുണ്ടെന്നും എന്നാൽ പ്രത്യേകം പരിഗണന നൽകേണ്ട അപേക്ഷകളിൽ മന്ത്രിസഭാ തീരുമാനപ്രകാരമാണ് സഹായധനം അനുവദിക്കുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. മത്സ്യബന്ധനത്തിനിടയ്ക്ക് മരണമടയുന്നവർക്ക് മാനുഷിക പരിഗണന നൽകി ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അനുവദിക്കാറുണ്ടെന്നും ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 20 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ടെന്നും വയനാട് ദുരന്തത്തിന്റെ ഭാഗമായി കേന്ദ്രഗവൺമെന്റിൽനിന്നും പ്രത്യേക ധനസഹായം ലഭ്യമായിട്ടില്ലെന്നും ദുരന്തബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് പരമാവധി ധനസഹായം നേടിയെടുക്കുന്നതിന് യോജിച്ച പ്രവർത്തനം ആവശ്യമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

(പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുന്നതിനിടയിൽ ബഹു. സ്പീക്കർ നടത്തിയ പരാമർശത്തിൽ

പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം ചോദ്യോത്തരവേളയുടെ തുടർന്നുള്ള ഭാഗം ബഹിഷ്കരിച്ചു.)

2 (*3) ഭക്ഷ്യസാധനങ്ങളുടെ വിലനിയന്ത്രണം

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) നൽകിയ മറുപടിയിൽ, സപ്ലൈകോ, കൺസ്യൂമർഫെഡ്, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേന നടത്തുന്ന വിപണി ഇടപെടലിലൂടെ വിലക്കയറ്റം നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഇതിന്റെ ഭാഗമായി സപ്ലൈകോ ഔട്ട്ലെറ്റുകൾ മുഖേന 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ടെന്നും സഭയെ അറിയിച്ചു. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പൊതുവിപണിയിൽ ഭക്ഷ്യധാന്യങ്ങളുടെ പൂഴ്ത്തിവയ്പ്പ്, വിലക്കയറ്റം, കരിഞ്ചന്ത എന്നിവ തടയുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ല/താലൂക്കുതല സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തിയതിന്റെ ഭാഗമായി 372 ക്രമക്കേടുകളും ഓണക്കാലത്ത് നടത്തിയ പരിശോധനയിൽ 775 ക്രമക്കേടുകളും കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. ഓണക്കാലത്ത് AAY

കാർഡുടമകൾ, പെർമിറ്റുള്ള ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർ, വയനാട്ടിലെ ദുരന്തബാധിത മേഖലയിലെ കാർഡുടമകൾ എന്നിവർക്ക് സൗജന്യ ഭക്ഷ്യക്കിറ്റും മുൻഗണനേതര വിഭാഗത്തിൽപ്പെട്ട കാർഡുടമകൾക്ക് 10 കിലോ അരിയും നൽകിയിട്ടുണ്ട്. കൂടാതെ പ്രത്യേക ഉത്സവച്ചന്തകൾ സംഘടിപ്പിച്ചതിലൂടെ സബ്സിഡി സാധനങ്ങളുൾപ്പെടെ 4.3 കോടി രൂപയുടെ വിൽപ്പന നടന്നിട്ടുണ്ടെന്നും ഏകദേശം 25 കോടി രൂപയുടെ വിപണിയിടപെടൽ ബാധ്യത സപ്ലൈകോയ്ക്കുണ്ടായിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്താകെ 1201 കെ-സ്റ്റോറുകൾ നിലവിലുണ്ടെന്നും റേഷൻ വിതരണം തടസ്സപ്പെടുന്ന വിഷയം പരിഹരിക്കുന്നതിന് ഇടപെടൽ നടത്തുന്നതാണെന്നും സംസ്ഥാന സർക്കാർ നിരന്തരം ആവശ്യപ്പെട്ടിട്ടും ഓണക്കാലത്ത് അധിക ഭക്ഷ്യധാന്യ വിഹിതം അനുവദിക്കാനോ ഇളവുകൾ നൽകാനോ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ലെന്നും നെല്ല് സംഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും സംഭരണം സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(ചോദ്യകർത്താക്കൾ സീറ്റിലില്ലാതിരുന്നതിനാൽ (*4)-ാം നമ്പർ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.)

3 (*5) <u>സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നടപടി</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, അർഹമായ കേന്ദ്ര വിഹിതം സമയബന്ധിതമായി അനുവദിക്കണമെന്നാവശ്യപ്പെട്ട് നിരവധി കത്തുകളും നിവേദനങ്ങളും പ്രധാനമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാനം നേരിടുന്ന ധനഞെരുക്കം പരിഹരിക്കുന്നതിനായി 24,000 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജും കൂടാതെ കടമെടുപ്പിന്റെ പരിധി വർധിപ്പിക്കുക, ജി.എസ്.ടി. നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള കാലയളവ് ദീർഘിപ്പിക്കുക, ജി.എസ്.ടി. വരുമാന വിഭജനത്തിന്റെ അനുപാതം ഉയർത്തുക തുടങ്ങി പത്തോളം ആവശ്യങ്ങളും സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ സംസ്ഥാനത്തോടുള്ള വിവേചനപൂർണ്ണമായ സമീപനം ആരോഗ്യം, വിദ്യാഭ്യാസം, അടിസ്ഥാനസൗകര്യ വികസനം, കൃഷി ഉൾപ്പെടെയുള്ള സമസ്ത മേഖലകളെയും സാരമായി ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം നേടിയെടുക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം

ചെലുത്തുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

4 (*6) എക്സ്ട്രീം പോവർട്ടി ഇറാഡിക്കേഷൻ പ്രോഗ്രാം

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ അന്തർദ്ദേശീയതലത്തിൽ കേരളം മാതൃക സൃഷ്ടിച്ചിട്ടുണ്ടെന്നും നാളിതുവരെ 35859 (56.02%) കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്ന് മുക്തരാക്കിയിട്ടുണ്ടെന്നും 2021-ൽ നീതി ആയോഗ് പ്രസിദ്ധീകരിച്ച കണക്കുകൾപ്രകാരം ഇന്ത്യയിലെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന അതിദാരിദ്ര്യ നിർണയപ്രവർത്തനങ്ങളിലൂടെ കണ്ടെത്തിയ വ്യക്തികളേയും കുടുംബങ്ങളേയും അതിദാരിദ്ര്യ അവസ്ഥയിൽനിന്നും മോചിപ്പിക്കുന്നതിനായി മൈക്രോപ്ലാൻ തയ്യാറാക്കുകയും സ്വന്തമായി ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ കഴിയുന്ന കുടുംബങ്ങൾക്ക് ഭക്ഷ്യ വസ്തുക്കൾ അടങ്ങിയ കിറ്റുകളും അതിന് കഴിയാത്ത കുടുംബങ്ങൾക്ക് പാകം ചെയ്ത ഭക്ഷണവും എത്തിക്കുകയും ആരോഗ്യ

പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുന്ന കുടുംബങ്ങൾക്ക് മരുന്നുകളുൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുകയും  പുനരധിവാസം ആവശ്യമുള്ളവരെ ഷെൽട്ടർ ഹോമുകളിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. വരുമാനദായക പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി  'ഉജ്ജീവനം'  പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും അടച്ചുറപ്പുള്ള വാസസ്ഥലം ഉറപ്പാക്കുന്നതിനായി അതിദരിദ്ര കുടുംബങ്ങളെ ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി  ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും  വീട് ലഭ്യമാകുന്നതുവരെ താമസസൗകര്യം ഒരുക്കുന്നതിനായി വീടുകൾ/കെട്ടിടങ്ങൾ വാടകയ്ക്കെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. "അവകാശം അതിവേഗം"  യജ്ഞത്തിന്റെ ഭാഗമായി ആധാർ കാർഡ്, റേഷൻ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് ഉൾപ്പെടെയുള്ള അവകാശ രേഖകളും ആരോഗ്യ ഇൻഷ്വറൻസ്, സാമൂഹ്യ സുരക്ഷാ പെൻഷൻ മുതലായ അടിയന്തര സേവനങ്ങളും ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.  നഗര പ്രദേശങ്ങളിൽ  'നഗര തൊഴിലുറപ്പ്' പദ്ധതിയും  ആദിവാസി മേഖലയിൽ  'ട്രൈബൽ പ്ലസ്' പദ്ധതിയും നടപ്പിലാക്കി ദാരിദ്ര്യനിർമ്മാർജ്ജനത്തിന് നടപടി

സ്വീകരിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.